പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 338 — 06.03.2012-ൽ മറുപടിയ്ക്ക്

പയ്യന്നൂർ നിയോജകമണ്ഡലത്തിലെ ആർ. ജി. ജി. വി. വൈ പദ്ധതി

ചോദ്യം

ശ്രീ. സി. കൃഷ്ണൻ :

(എ) ആർ. ജി. ജി. വി. വൈ പദ്ധതി പ്രകാരം പയ്യന്നൂർ നിയോജക മണ്ഡലത്തിൽ എത്ര വീടുകൾ വൈദ്യുതീകരിച്ചിട്ടുണ്ട് ;

(ബി) മേൽ പദ്ധതി പ്രകാരം എത്ര അപേക്ഷകർക്ക് വൈദ്യുതി നൽകാനുണ്ട് ; സെക്ഷൻ ഓഫീസ് തിരിച്ചുള്ള കണക്ക് നൽകുമോ ;

(സി) വൈദ്യുതീകരണം പൂർത്തിയാക്കാത്തതിൻെറ കാരണം വിശദമാക്കാമോ ;

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) പയ്യന്നൂർ നിയോജക മണ്ഡലത്തിൽ ആർ.ജി.ജി.വി.വൈ പദ്ധതി പ്രകാരം വീടുകൾ വൈദ്യുതീകരിക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിച്ചു വരികയാണ്.

(ബി) ഈ പദ്ധതി പ്രകാരം പയ്യന്നൂർ നിയോജകമണ്ഡലത്തിൽ മൊത്തം 812 അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| | |
|---|---|
| പയ്യന്നൂർ സെക്ഷൻ | 2 എണ്ണം |
| രാമന്തളി സെക്ഷൻ | 33 എണ്ണം |
| വെള്ളൂർ സെക്ഷൻ | 70 എണ്ണം |
| കരിവെള്ളൂർ സെക്ഷൻ | 33 എണ്ണം |
| പാടിയോട്ടുചാൽ സെക്ഷൻ | 602 എണ്ണം |
| മാതമംഗലം സെക്ഷൻ | 72 എണ്ണം |

(സി) കണ്ണൂർ ജില്ലയിൽ ആർ.ജി.ജി.വി.വൈ പദ്ധതി പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള ചുമതല കൽക്കട്ടയിലെ ബെൻടെക് ഇലക്ട്രിക്കൽസ് ആൻറ് ഇലക്ട്രോണിക്സ് എന്ന കമ്പനിയ്ക്ക് 08-09-2010-ൽ നൽകി. സമയബന്ധിതമായി, പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള സാധന സാമഗ്രികൾ സമാഹരിക്കാത്തതും,

ആവശ്യമായ തൊഴിലാളികളുടെ കുറവും, പ്രവൃത്തിയുടെ പൂർത്തീകരണത്തിനു കാലതാമസം വരുത്തി. റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ അനുവദിച്ച സമയ പരിധിക്കുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) അർഹതപ്പെട്ടവർക്ക് എത്രയും വേഗം വൈദ്യുതി ലഭിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ ?

(ഡി) സമയപരിധിക്കുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുവേണ്ടി സർക്കാർ തലത്തിലും, ബോർഡ് തലത്തിലും, റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ തലത്തിലും മോണിറ്ററിംഗ് മീറ്റിംഗുകൾ നടത്തുന്നുണ്ട്.

സെക്ഷൻ ഓഫീസർ.